**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5776 | 27.10.2011-ൽ മറുപടിക്ക് |
|---|---|

**ഫ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ<br>,, അൻവർ സാദത്ത്<br>,, വി. റ്റി. ബൽറാം<br>,, ഐ. സി. ബാലകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഫ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിന്റെ പ്രവർത്തന രീതിയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാം എന്ന് അറിയിക്കുമോ; ഇത് എവിടെയെല്ലാമാണ് നടപ്പാക്കിവരുന്നത്; | (എ) | വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവർക്കായി നോർക്കാ റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ വിദേശ തൊഴിൽ കാംക്ഷികൾക്കായുള്ള ശിൽപശാലകൾ എന്ന പേരിൽ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. വിദേശത്ത് തൊഴിൽ തേടിപോകുന്ന ഉദ്യോഗാർത്ഥികൾ അവശ്യം അറിഞ്ഞിരിക്കേണ്ടതായ വിസ, തൊഴിൽ കരാർ, എമിഗ്രേഷൻ, കസ്റ്റംസ്, വിദേശത്തെ തൊഴിൽ നിയമങ്ങൾ, അവിടുത്തെ സാമൂഹ്യ-സാംസ്കാരിക ചുറ്റുപാടുകൾ എന്നീ വിഷയങ്ങളിൽ അവബോധം നേടാൻ ഈ പരിശീലന പരിപാടി സഹായിക്കുന്നു. പ്രസ്തുത ശിൽപശാലകൾ എല്ലാ ജില്ലകളിലും സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) | ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലിനുമായി യൂറോപ്പിലേക്കും പടിഞ്ഞാറൻ രാജ്യങ്ങളിലേക്കുമുള്ള കുടിയേറ്റത്തിന്റെ സാദ്ധ്യതകളെപ്പറ്റിയുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുമോ? | (ബി) | ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തോടൊപ്പം പാശ്ചാത്യ രാജ്യങ്ങളിലേക്ക് കുടിയേറുന്നതിനും അവിടെ തൊഴിൽ/വിദ്യാഭ്യാസ വിസകൾ കരസ്ഥമാക്കുന്നതിന് അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെക്കുറിച്ചും, നടപടിക്രമങ്ങളെക്കുറിച്ചും പ്രസ്തുത പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകളിൽ ക്ലാസുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ